ഗുരുദേവ പ്രതിമ തകർത്ത സംഭവം

71 (71) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗം സംസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തെ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംഭവത്തെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) എസ്.എൻ.ഡി.പി. യോഗം സംസ്ഥാനത്തെ ഗുരുദേവ പ്രതിമ തകർത്ത സംഭവത്തിൽ കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം നമ്പർ 100/2000 ആയി കേസ് രജിസ്റ്റർ ചെയ്യുകയും കേസ് അന്വേഷണത്തിൽ പ്രതി എന്ന് വെളിവായ കൊല്ലം മുണ്ടയ്ക്കൽ ഉദയ-മാർത്താണ്ഡപുരം ചേരിയിൽ കപ്പലണ്ടി മുക്കിൽ വാസു മകൻ രാജനെ അറസ്റ്റ് ചെയ്ത് കൊല്ലം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കുകയും ഉണ്ടായി. കോടതി ടിയാനെ റിമാന്റ് ചെയ്ത് ജൂഡീഷ്യൽ കസ്റ്റഡിയിൽ കൊല്ലം സബ് ജയിലിൽ സൂക്ഷിച്ച് വരികയാണ്. ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം കൊല്ലം ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി നടത്തിവരുകയാണ്.

(ബി&സി) അന്വേഷണം നടത്തിവരികയാണ്.

വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് ഉണ്ടായ നിയമസമാധാന പ്രശ്നങ്ങൾ

72 (72) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വിദ്യാഭ്യാസ വർഷത്തിൽ കോളേജുകളിൽ നടന്ന വിദ്യാർത്ഥി സമരത്തോടനുബന്ധിച്ച് എവിടെയെല്ലാം നിയമസമാധാന പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം കോളേജ് അധികാരികൾ സമരം നടന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയുടെ ഉത്തരവ് നേടി ;

(സി) ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly